# ‘ദൈവനാമം – അതിപരിശുദ്ധമായ നാമം’

## യെഹെസ്കേൽ 36:23

**“ജാതികളുടെ ഇടയിൽ നിങ്ങൾ അശുദ്ധമാക്കിയതായി അവരുടെ ഇടയിൽ അശുദ്ധമായ്പോയിരിക്കുന്ന എന്റെ മഹത്തായ നാമത്തെ ഞാൻ വിശുദ്ധീകരിക്കും; ജാതികൾ കാൺകെ ഞാൻ എന്നെത്തന്നേ നിങ്ങളിൽ വിശുദ്ധീകരിക്കുമ്പോൾ ഞാൻ യഹോവ എന്നു അവർ അറിയും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു.”**

ദൈവം ഇവിടെ യെഹെസ്കേൽ പ്രവാചകനിലൂടെ യിസ്രായേൽ ഗൃഹത്തോട് അരുളിച്ചെയ്യുന്ന കാര്യങ്ങളാണ് നാം ഇവിടെ വായിച്ചു കണ്ടത്. ഇവിടെ ഒരു കാര്യം വ്യക്തമാണ് യിസ്രായേൽഗൃഹം ദൈവനാമത്തെ അശുദ്ധമാക്കിയിരിക്കുന്നു. ഈ അദ്ധ്യായത്തിന്റെ വാക്യം 17 മുതൽ നോക്കുകയാണെങ്കിൽ നമുക്ക് കാണാൻ കഴിയും എപ്രകാരമാണ് ദൈവനാമം അശുദ്ധമാക്കപ്പെട്ടത് എന്ന്.. ഇവിടെ പറയുന്നു: യിസ്രായേൽഗൃഹം തങ്ങളുടെ ദേശത്തു പാർത്തിരുന്നപ്പോൾ അവർ അതിനെ തങ്ങളുടെ നടപ്പുകൊണ്ടും, പ്രവൃത്തികൾ കൊണ്ടും മലിനമാക്കി എന്ന്. അതിൻ ഫലമായി ദൈവകോപം അവരുടെ മേൽ വന്ന് അവരെ ജാതികളുടെ ഇടയിൽ ചിന്നിച്ചു. അവരുടെ നടപ്പിനും, പ്രവൃത്തികൾക്കും തക്കവണ്ണം അവരെ ദൈവം ന്യായം വിധിച്ചു. അവർ ജാതികളുടെ ഇടയിൽ ചെന്നപ്പോൾ, ഇവർ യഹോവയുടെ ജനം, അവന്റെ ദേശം വിട്ടു പോകേണ്ടിവന്നവർ, എന്നു പറയുമാറാക്കിയതിനാൽ അവർ ദൈവത്തിന്റെ വിശുദ്ധനാമത്തെ അശുദ്ധമാക്കി.

പ്രിയ വിശ്വാസിയെ ഇന്നു ഞാനും നിങ്ങളും ആയിരിക്കുന്ന ഈ ലോകത്തിൽ ജാതികളുടെ ഇടയിൽ നാം ആയിരിക്കുമ്പോൾ നമ്മെക്കുറിച്ചും ദൈവം കേൾക്കാൻ ഇടയുള്ള ഒരു കാര്യമാണിത്. വിശ്വാസികൾ എന്നു പറഞ്ഞു നടക്കുകയും എന്നാൽ അതിനു തക്കതായ ജീവിതവും പ്രവൃത്തിയും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ സത്യവിശ്വാസി എന്നു നമ്മെക്കുറിച്ചു പറയേണ്ടിയവർ, ഇവൻ ദൈവത്തിന്റെ സ്വന്തം എങ്കിലും ലോകപ്രകാരമുള്ള മനുഷ്യൻ എന്നു പറഞ്ഞാൽ നാം ദൈവനാമത്തെ ദുഷിക്കുന്നവരും അതിനെ അശുദ്ധമാക്കി തീർക്കുന്നവരുമായിത്തീരും. അതു കൊണ്ട് ഈ ലോകത്തിലും ലോകക്കാരുടെ ഇടയിലും നാം ആയിരിക്കുന്ന അനുഭവത്തിൽ നമ്മുടെ ജീവിത രീതികളെ ദൈവത്തിന്നും അവന്റെ നാമത്തിനും അനുയോജ്യമാം വണ്ണം ക്രമീകരിക്കുക എന്നതാണ് ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യം. ദൈവത്തെയും, ദൈവവചനത്തെയും, ക്രിസ്തുവിനെയും അവന്റെ ത്യാഗത്തെയും,

അതിൽ അവനു നമ്മോടുള്ള സ്നേഹത്തെയും അറിയാത്തവരായ ആളുകളുടെ ഇടയിലാണ് നാം ജീവിക്കുന്നത് എന്നുള്ള ഒരു ബോധ്യം എപ്പോഴും നമുക്കുണ്ടായിരിക്കണം.

1 യോഹന്നാൻ 2:6 ൽ പറയുന്നു **"അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു."**

കർത്താവ് എപ്രകാരമാണ് ഈ ലോകത്തിൽ ആയിരുന്നപ്പോൾ ജീവിച്ചത് അതു പോലെ ആയിരിക്കണം നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കേണ്ടത്. ദൈവനാമത്തെയും, ദൈവത്തെയും ദുഷിക്കുകയും അവന്റെ വചനത്തെ കേൾക്കുകയോ അത് അനുസരിക്കുകയോ ചെയ്യാതെ നടക്കുന്ന ഒരു തലമുറയുടെ മദ്ധ്യത്തിലാണ് നാം ഇന്ന് ആയിരിക്കുന്നത്. അവിടെ ഒരു ദൈവപൈതലിന്റെ വാക്കും പ്രവൃത്തിയും ഒന്നും ഈ ലോകത്തിലായിരിക്കുന്ന ഒരാളുടെ പ്രവൃത്തിൽ നിന്നും ഒരു വ്യത്യാസവുമില്ല എങ്കിൽ പിന്നെ ലോകം നമ്മെ ഒരിക്കലും ഒരു ദൈവപൈതലായി കണക്കാക്കുകയില്ല എന്നു മാത്രമല്ല അത് ദൈവനാമം ദുഷിക്കപ്പെടുന്നതിന് വീണ്ടും കാരണമാകുകയും ചെയ്യും. അവിടെയാണ് ക്രിസ്തുവിന്റെ യഥാർഥ അനുകാരികളായിരിക്കേണ്ടുന്നതിന്റെ ആവശ്യകത നമ്മുടെ ജീവിതത്തിൽ ഏറി വരുന്നത്.

അദ്ധ്യായം 36 തുടർന്ന് വായിക്കുമ്പോൾ 24 മുതൽ 38 വരെ വാക്യങ്ങളിൽ ദൈവത്തിന്റെ വാഗ്ദത്തങ്ങളാണ് നമുക്ക് കാണുവാൻ കഴിയുന്നത്. ഇവിടെ മനം തിരിയാനുള്ള വലിയ ആഹ്വാനങ്ങളും നമുക്ക് കാണാം. നാം ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ഒരു പക്ഷെ പല സാഹചര്യങ്ങളിലും വീണുപോയെന്നിരിക്കാം. എന്നാൽ അവിടെയും അവൻ ദയാലുവായ ദൈവമാണെന്ന് 1 യോഹന്നാൻ 1:9 ൽ വചനം നമ്മോട് പറയുന്നു **"നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകൽ അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."** അങ്ങനെയെങ്കിൽ ഇന്നു മനം തിരിയേണ്ട ദിവസമാണ്. നാം നമ്മുടെ സകല മ്ലേച്ഛതകളിൽ നിന്നും മനം തിരിഞ്ഞ് ദൈവം ആഗ്രഹിക്കുന്ന പ്രകാരം നമ്മുടെ ജീവിതത്തെ ക്രമീകരിക്കാൻ തയാറാവണം. അങ്ങനെയെങ്കിൽ ജതികൾ കാൺകെ ദൈവം അവന്റെ നാമത്തെ നമ്മിൽ ശുദ്ധീകരിക്കുകയും, അതിൻഫലമായി വാസ്തവത്തിൽ അവൻ യഹോവ എന്ന് അവർ അറിയുകയും, നമ്മെ ദൈവപൈതലായി അംഗീകരിക്കുകയും ചെയ്യും. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

2 കൊരിന്ത്യർ 5:17

**"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു."**

**ബ്രദർ. ബിനു ബേബി ആലപ്പുഴ 076**